പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1756 — 13-7-2011-ന് മറുപടിക്ക്

**യു.ഡി.ഐ.എസ്.എം.എ.ടി. പദ്ധതി സമയബന്ധിതമായി തീർക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.സുധാകരൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി. (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| എ) ആലപ്പുഴ നഗരസഭക്ക് അടക്കം ശുദ്ധജലം വിതരണം ചെയ്യാനുള്ള യു.ഡി.ഐ.എസ്.എം.എ.ടി. പദ്ധതി കമ്മീഷൻ ചെയ്യാനുള്ള കാലാവധി കഴിഞ്ഞിട്ടും ടെൻഡറുകൾ മുഴുവനും ഉറപ്പിച്ചു കൊടുത്തിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഈ വൻകിട പദ്ധതി നടപ്പിലാക്കാൻ ഏർപ്പെടുത്തിയ സംവിധാനം എന്താണ്; | ബി) ഈ പദ്ധതി നടപ്പിലാക്കാൻ താഴെപ്പറയുന്ന സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്.<br>1-11-2007-ൽ തദ്ദേശ സ്വയംഭരണ വകുപ്പും കേരള വാട്ടർ അതോറിറ്റിയും ആലപ്പുഴ നഗരസഭയും കൂടി ഒരുമിച്ച് ഒപ്പു വച്ച ധാരണാപത്രമനുസരിച്ച് പ്രാഥമിക സർവേ മുതൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ദർഘാസ് ക്ഷണിച്ച് പദ്ധതി നടപ്പിലാക്കി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ കേരള വാട്ടർ അതോറിറ്റിയെ ആണ് ഏല്പിച്ചിട്ടുള്ളത്. ഇതിനായി കേരള വാട്ടർ അതോറിറ്റിയിൽ ആലപ്പുഴയിൽ ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ പ്രത്യേക ഇംപ്ലിമെന്റേഷൻ യൂണിറ്റ് ഉണ്ട്. സാങ്കേതിക കാര്യങ്ങൾ ത്വരിത ഗതിയിൽ പരിശോധിച്ച് നടപടികൾ സ്വീകരിക്കാൻ ഒരു ചെയർമാന്റെ കീഴിൽ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ ഗ്രൂപ്പിനെ നിയമിച്ച് ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. സർവീസിൽ നിന്നും വിരമിച്ച ഒരു ചീഫ് |

| | | | |
|---|---|---|---|
| | | | എഞ്ചിനീയർ ചെയർമാനായും, ചീഫ് എഞ്ചിനീയർ, വാട്ടർ അതോറിറ്റി (തെക്കൻ മേഖല) കൺവീനറായും, മുനിസിപ്പൽ ചെയർമാൻ, സൂപ്രണ്ടിംഗ് എഞ്ചിനീയർ തുടങ്ങിയ സാങ്കേതിക വിദഗ്ധരുടെ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൗൺസിലിന്റെ അംഗീകാരത്തോടും സിറ്റി ലെവൽ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പിന്റെ അംഗീകാരത്തോടുംകൂടി ദർഘാസുകൾ ഗവൺമെന്റിൽ വന്ന് എംപവേഡ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ച് തീരുമാനം എടുക്കുന്ന മുറയ്ക്കാണ് ഓരോ ടെണ്ടറുകളുടെയും പണി ആരംഭിച്ച് വാട്ടർ അതോറിറ്റിയുടെ മേൽനോട്ടത്തിൽ ടെണ്ടറുകൾ അംഗീകരിച്ച് പണി ചെയ്ത് കമ്മീഷൻ ചെയ്യുന്നത്. |
| സി) | പദ്ധതി തടസ്സപ്പെടാനുള്ള കാരണം വ്യക്തമാക്കുമോ; വീഴ്ചവരുത്തിയിട്ടുണ്ടെങ്കിൽ അതിന് ഉത്തരവാദികളായവരുടെ പേരിൽ നടപടികൾ സ്വീകരിക്കുമോ; | സി) യും ഡി) യും | പദ്ധതി തടസ്സപ്പെടുന്നതിന് ഭരണപരമായ കാലതാമസം ഉണ്ടായിട്ടുണ്ട്. ആയത് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| ഡി) | പദ്ധതി സമയബന്ധിതമായി തീർക്കാൻ മുൻകൈ എടുക്കുമോ; | | |
| ഇ) | ആവശ്യമായ പണം മുനിസിപ്പാലിറ്റിയുടെ അക്കൗണ്ടിൽ ഉണ്ടോ; എങ്കിൽ അടങ്കൽ എത്രയാണ്; മുനിസിപ്പൽ അക്കൗണ്ടിൽ എത്ര തുക ഉണ്ട്; ഇതു വരെ എത്ര രൂപ ചെലവായി; വ്യക്തമാക്കുമോ? | ഇ) | 2010 ഷെഡ്യൂൾ ഓഫ് റേറ്റുപ്രകാരം എസ്റ്റിമേറ്റ് തുക 193.5115 കോടി രൂപയും 2006 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം കേന്ദ്ര സർക്കാർ അംഗീകാരം നൽകിയ തുക 151.53 കോടി രൂപയുമാണ്. ഇതിൽ മുനിസിപ്പാലിറ്റിക്ക് ആദ്യഗഡുവായി 1849.49 ലക്ഷം രൂപ കിട്ടിയിട്ടുണ്ട്. ഇതിൽ നിന്നും 31-5-2011 വരെ 1719.72 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ